കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല പഞ്ചായത്ത് - 2008-09 സാമ്പത്തിക വർഷത്ത ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഭാഗം 3.1(1) – ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി/ലൈബ്രറി കെട്ടിട നിർമ്മാണത്തിനുവേണ്ടി അനുവദിച്ച തുക പ്രത്യേക പ്രോജക്ടുകൾ പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ച നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്.

സ.ഉ (സാധാ)നം. 2471/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 24.8.2012

---

പരാമർശം; 1. 10.4.12-ലെ കോട്ടയം ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ II (ബി) നമ്പർ തീരുമാനം.
കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.4.2012 -ലെ ഡി3-2232/10 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ വിവിധ ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി/ലൈബ്രറി കെട്ടിട നിർമ്മാണത്തിനു വേണ്ടി 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച തുക ടി പദ്ധതി നിർവ്വഹണത്തിനു വേണ്ടി സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതമായി (കാറ്റഗറി ബി -ഫണ്ട് ) "2202-02-109-82(പ്ലാൻ) 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്" എന്ന ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുക കോട്ടയം ജില്ലാ പഞ്ചായത്ത് പ്രത്യേക പ്രോജക്ടുകൾ പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചതിന് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കണമെന്ന് കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഭാഗം 3.1(1)ന്റെ പുനരഭിപ്രായക്കുറിപ്പിൽ, നിർദ്ദേശിച്ചിരുന്നു.

നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ലായിരുന്നെങ്കിൽ നബാർഡിൽ നിന്നുള്ള ധനസഹായം ലാപ്സായി പോകുമായിരുന്നെന്നും, ഈ സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടിയും, ഡി.പി.സിയ്ക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം ഇല്ലാതിരുന്നതിനാലുമാണ് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കാതെ ചെലവഴിച്ചതെന്നും ടി പ്രോജക്ടുകൾ കുറ്റമറ്റ രീതിയിൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തികച്ചും സുതാര്യവും ഫലപ്രദവുമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനിൽ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത്, പരാമർശം 2 മുഖേന സമർപ്പിച്ച വിശദീകരണത്തിന്റെയും, പരാമർശം 1-ലെ പഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.1 (1) പ്രകാരം തടസ്സപ്പെടുത്തിയ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ 12-ാം ധനകാര്യ കമ്മീഷന്റെ

ഗ്രാന്റിനത്തിൽ ലഭിച്ച തുക ചെലവഴിച്ച കോട്ടയം ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്.
വെബ് & ന്യൂസ് മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടേറിയറ്റ്, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.